പീടിക തൊഴിലാളി ക്ഷേമനിധി

10 (*70) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പീടിക തൊഴിലാളി ക്ഷേമനിധിയിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വഴിയോര കച്ചവടക്കാരെക്കൂടി പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) വഴിയോര കച്ചവടക്കാരെക്കൂടി പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നകാര്യം പരിശോധിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള തൊഴിലാളികൾ, ഈ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികൾ എന്നിവർക്ക് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിവരുന്നു. തൊഴിലാളി വിഹിതമായി പ്രതിമാസം 20 രൂപയും തൊഴിലുടമാ വിഹിതമായി 20 രൂപയും ചേർത്ത് ആകെ 40 രൂപ അംശദായമായി തൊഴിലുടമാ നിധിയിലേയ്ക്ക് അടക്കണം. സ്വയംതൊഴിൽ ചെയ്യുന്ന അംഗം പ്രതിമാസം 40 രൂപ സ്വന്തമായി നിധിയിലേയ്ക്ക് അടയ്ക്കണം. തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനമോ 5 രൂപയോ ഏതാണോ കൂടുതൽ അത് സർക്കാർ ഗ്രാന്റായി അനുവദിക്കുന്നു. ക്ഷേമപദ്ധതിയുടെ ഭരണ നിർവഹണത്തിനായി തൊഴിലാളി/തൊഴിലുടമ സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന 15 അംഗ ബോർഡ് സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്നു.

പദ്ധതിയിൽ അംഗത്വമെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ മരണാനന്തരചെലവ്, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം എന്നിവ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) നിലവിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കച്ചവടക്കാർക്ക് ഈ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ അവർ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ നിയമപ്രകാരം വഴിയോരക്കച്ചവടക്കാർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് കീഴിലുള്ള ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.

പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട്

11 (*71) ശ്രീ. കെ. അജിത് :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. വി. ശശി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ കണ്ടെത്തുന്നതിന് നിയോഗിച്ചിരുന്ന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ക്രീമിലെയർ കണ്ടെത്തുന്നതിന് കുടുംബ വാർഷിക വരുമാനത്തിനുപുറമെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പശ്ചാത്തലം കൂടി മാനദണ്ഡമാക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ ഇത് പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly